**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 400** **08-06-2021 - ൽ മറുപടിയ്ക്ക്**

**തഴപ്പായ വ്യവസായത്തിന്റെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്** | | **Shri. P. Rajeeve**<br>**(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | ഇന്ത്യയിലെ ഒരു അപൂർവ്വ കലയായ തഴപ്പായനിർമ്മാണത്തിന്റെ കേന്ദ്രമായ തഴവയിലെ തഴപ്പായക്ക് ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ രജിസ്ട്രേഷൻ അടക്കമുള്ളവ നൽകി അതിന്റെ അപൂർവ്വത അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ തൊഴിൽ സംരക്ഷിക്കാൻ വ്യവസായ വകുപ്പ് നടത്തുന്ന പരിപാടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | തഴപ്പായ് നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രത്യേക പദ്ധതികളൊന്നും വ്യവസായ വകുപ്പ് ആവിഷ്കരിച്ചിട്ടില്ല. തഴപ്പായയിലുള്ള കരകൗശല ഉൽപന്നങ്ങൾ നവീകരിച്ച് ഉത്പാദിപ്പിക്കുന്നതിനായി ഇന്റഗ്രേറ്റഡ് ഡിസൈൻ ഡെവലപ്പ്മെന്റ് വർക്ക്ഷോപ്പ് കേരള കരകൗശല വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | തഴപ്പായ-കാട്ടുവള്ളി ക്ഷേമനിധി ബോർഡ് നിലവിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; അതിൽ കേരളത്തിൽ എത്രപേർ ക്ഷേമനിധി അംഗത്വം എടുത്തിട്ടുണ്ടെന്നും അവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ബോർഡിൽ 67750 തഴപ്പായ തൊഴിലാളികൾ അംഗത്വമെടുത്തിട്ടുണ്ട്. അവർക്ക് പെൻഷൻ, സാമ്പത്തിക താങ്ങൽ, വിവാഹ ധനസഹായം, പ്രസവ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ സഹായം, മരണാനന്തര സഹായം, അവശതാ പെൻഷൻ എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ